# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ കെ എം/പി.7/1181/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ കെ എം/പി.7/1181/2022 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ഷൈജു മാത്യൂ,ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. കിരൺ കെ എസ്, ഓഡിറ്റർ
4. മുഹമ്മദ് ഷാഫി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം കെ വേണു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി മിനി ഗോപി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ഷംസുദീൻ എം എം | സെക്രട്ടറി | 01-04-2020 | 08-02-2021 |
| ശ്രീമതി ശ്രീജ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-02-2021 | 10-02-2021 |
| ശ്രീ റെജിമോൻ പി പി | സെക്രട്ടറി | 11-02-2021 | 01-03-2021 |
| ശ്രീമതി ശ്രീജ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ വി | അസിസ്റ്റന്റ് സെക്രട്ടറി | 15-06-2020 | 31-03-2021 |
| ശ്രീമതി ദിവ്യ ശശി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബേബിമോൾ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടപ്പടി | 01-04-2020 | 31-03-2021 |
| ശ്രീമതി റാണി കെ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടാശ്ശേരി | 01-04-2020 | 15-01-2021 |
| ശ്രീമതി ബേബിമോൾ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടാശ്ശേരി (ചാർജ്) | 16-01-2021 | 31-03-2021 |
| ശ്രീമതി സഫീറ സി പി | കൃഷി ഓഫീസർ | 01-04-2020 | 24-02-2021 |
| ശ്രീ ജിജി ജോബ് | കൃഷി ഓഫീസർ | 25-02-2021 | 15-03-2021 |
| ശ്രീമതി ബെൽസി ബാബു കെ ജി | കൃഷി ഓഫീസർ | 16-03-2021 | 31-03-2021 |
| ഡോ.ജെറാൾഡ് ഗോർക്കിംഗ് മാത്യു | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.എ സോളമൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.എസ് ഷറഫുദീൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി എലിസബത്ത് സി ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി സരോജിനി കെ ജി | ഹെഡ്മിസ്ട്രസ്, ഗവ.എൽ പി എസ്, കോട്ടപ്പടി സൗത്ത് | 01-04-2020 | 31-03-2021 |
| ശ്രീമതി ലൈല കെ എച്ച് | ഐ സി ഡി എസ് | 01-04-2020 | 28-11-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി സ്വപ്ന മാത്യു | ഐ സി ഡി എസ് സൂപ്പർവൈസർ | 29-11-2020 | 14-01-2021 |
| ശ്രീമതി ഹൈമൈബാൻ ടി ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 15-01-2021 | 31-03-2021 |

01.04.2020 മുതൽ 14.06.2020 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിവ് ആണ്.

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-06-2022) | 1-1 |
| 2 | ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം<br>Written By: Shaiby.E.D (Asst. Audit Officer, On 29-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Shaiby.E.D (Asst. Audit Officer, On 29-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 29-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-06-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 28-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 28-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 28-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiju Mathew (Audit Officer, On 28-06-2022)<br>Last Updated By: Shaiju Mathew (Audit Officer, On 28-06-2022) | 1-6 |
| 9 | ഗ്രാമസഭ<br>Written By: Shaiju Mathew (Audit Officer, On 30-06-2022)<br>Last Updated By: Shaiju Mathew (Audit Officer, On 30-06-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kiran K.S (Auditor, On 28-06-2022)<br>Last Updated By: Kiran K.S (Auditor, On 28-06-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-06-2022) | 1-9 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 08-08-2022) | 1-10 |
| 13 | രസീത് പരിശോധന - അപാകതകൾ<br>Written By: Kiran K.S (Auditor, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-11 |
| 14 | സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 29-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-12 |
| 15 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 29-06-2022)<br>Last Updated By: Shaiju Mathew (Audit Officer, On 30-06-2022) | 1-13 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 29-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-14 |

| | | |
|---|---|---|
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 29-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-15 |
| 18 | FTEAOS ലൈസൻസ്- കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്<br>Written By: Kiran K.S (Auditor, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-16 |
| 19 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Kiran K.S (Auditor, On 29-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-17 |
| 20 | ഓണം അഡ്വാൻസ് തിരികെ ഈടാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 28-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-18 |
| 21 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ -സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും നല്കി<br>Written By: Shaiby.E.D (Asst. Audit Officer, On 28-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-19 |
| 22 | എ.ബി.സി പ്രോഗ്രാം - വ്യവസ്ഥകൾ പൂർണമായും പാലിക്കുന്നില്ല<br>Written By: Kiran K.S (Auditor, On 28-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-20 |
| 23 | അങ്കണവാടിക്ക് വാങ്ങിയ സ്ഥലം പോക്കുവരവ് ചെയ്തില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 28-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-21 |
| 24 | പെൻഷണറുടെ മരണശേഷവും അക്കൌണ്ടിൽ ക്രെഡിറ്റായ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Kiran K.S (Auditor, On 28-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-22 |
| 25 | അങ്കണവാടി അനുപൂരക പോഷകാഹാരം-ഗുണനിലവാര പരിശോധനയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Muhammed Shafi V M (Auditor, On 29-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-23 |
| 26 | സുഭിക്ഷകേരളം- തരിശ് ഭൂമി പച്ചക്കറി കൃഷി വ്യാപനം-അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 29-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-24 |
| 27 | വൈദ്യുതി ചാർജ്- തെറ്റായ നിരക്ക് ക്രമീകരിച്ചിട്ടില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 29-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-25 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Kiran K.S (Auditor, On 29-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-26 |
| 29 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് കുറവ് വന്ന റഗുലറൈസേഷൻ ഫീസ് ഈടാക്കി<br>Written By: Kiran K.S (Auditor, On 29-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-06-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 28-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 28-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiju Mathew (Audit Officer, On 29-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-06-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 28-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiju Mathew (Audit Officer, On 30-06-2022)<br>Last Updated By: Shaiju Mathew (Audit Officer, On 01-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ ബജറ്റ് 19.03.2020 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 20-02-2021ൽ 4 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം

| | ബജറ്റ് | ബജറ്റ് (റിവൈസ്ഡ്) |
|---|---|---|
| മുന്നിരിപ്പ് | 3299745.00 | 3299745.00 |
| വരവ് | 161809091.00 | 177161677.00 |
| ആകെ | 165108836.00 | 180461422.00 |
| ചെലവ് | 163667151.00 | 179671661.00 |
| നീക്കിയിരിപ്പ് | 1441685.00 | 789761.00 |

### 1-1-1 ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ്<br>(രസീത് &പേയ്മെന്റ്<br>പ്രകാരമുള്ള വരവ്) |
|---|---|---|
| വരവ് | 177161677 | 77069518 |
| ചെലവ് | 179671661 | 70349808 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ വ്യത്യാസമുള്ളതായി കാണാം. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 07.08.2021 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 28.06.2022 ലെ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.

1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2) B 11 ഷെഡ്യൂളിൽ ആസ്തി വിവരങ്ങൾ ഇനം തിരിച്ച് ചേർത്തിട്ടില്ല. എന്നാൽ B 11(a) ഷെഡ്യൂളിൽ ആസ്തികളുടെ ഡിപ്രിസിയേഷൻ ചേർത്തിട്ടുണ്ട്. ആയതിനാൽ ആകെ ആസ്തിമൂല്യം കണക്കാക്കിയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

3) B 1 ഷെഡ്യൂളിൽ പഞ്ചായത്ത് ഫണ്ട് കണക്കാക്കാൻ Excess Of Income Over Expenditure ആയി -25364503.25 രൂപയാണ് കണക്കിലെടുത്തിട്ടുള്ളത്. എന്നാൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 3474118 ആണ്.

5) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യപത്രികയിൽ ലഭ്യമല്ല.

6) ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9027644.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 77069518.00 |
| ആകെ | 86097162.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 70349808.00 |
| നീക്കിയിരിപ്പ് | 15747354.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ---- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10429761 | 10429761 | 8713112 | 0 | 1716649 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5555059 | 5555059 | 4951434 | 0 | 603625 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 203000 | 203000 | 135180 | 0 | 67820 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 15458000 | 15458000 | 15453881 | 0 | 4119 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3456681 | 0 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ്(Untied) | 0 | 6641034 | 6641034 | 4304984 | 0 | 2336050 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 0 | 4150000 | 4150000 | 382123 | 0 | 3767877 |
| കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം | 0 | 1256032 | 1256032 | 1127250 | 128782 | |
| PBIG - 320300103 | 58922 | 1737195 | 1796117 | 837795 | 958322 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| വിമുക്തി - 320200399 | 6080 | 100000 | 106080 | 101050 | 5030 | |
| ദുരിതാശ്വാസ നിധി - 311100101 | 13048 | 4106 | 17154 | 0 | 17154 | |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മൽ പുരസ്കാർ – 320100191 | 272075 | 0 | 272075 | 0 | 272075 | |
| ഖരമാലിന്യ സംസ്കരണം – 320200304 | 1200000 | 945104 | 2145104 | 945104 | 1200000 | |
| ടോട്ടൽ സാനിട്ടേഷൻ കാംപെയ്ൻ – 320100181 | 307000 | 0 | 307000 | 0 | 307000 | |
| 320100102 | 29702 | 0 | 29702 | 0 | 29702 | |
| ശുചിത്വ മിഷൻ ഗ്രാന്റ് – 320100198 | 0 | 260000 | 260000 | 130000 | 130000 | |
| ലൈഫ് -സംസ്ഥാന വിഹിതം – 320300199 | 564244 | 8789500 | 9353744 | 6139000 | 3214744 | |
| ഐ സി ഡി എസ്- സർവീസ് | 0 | 45000 | 45000 | 0 | 45000 | |

320100102 ഹെഡ്ഡിലെ 29702/- രൂപ ഏത് പദ്ധതിക്ക് ലഭിച്ച തുകയാണെന്ന വിശദാംശം ലഭ്യമല്ല.

| ഫണ്ടിനം | ജി ഒ പ്രൊജക്ട് തുക | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1154491 | 200000 |
| വികസന ഫണ്ട്(എസ്.സി.പി) | 468941 | 0 |
| വികസന ഫണ്ട്(ടി.എസ് .പി) | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2007228 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 478172 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 2083443 |

ബജറ്റ് പ്രകാരം പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് തുകകളിൽ വികസന ഫണ്ട് ജനറൽ, എസ് സി പി എന്നിവ യഥാക്രമം 83.5%, 89.1% എന്നിങ്ങനെയാണ് ചെലവഴിച്ചിട്ടുള്ളത്. ധനകാര്യ കമ്മീഷൻ അവാർഡ് തുക അടിസ്ഥാന ഗ്രാന്റ് 64.82 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് തുക എന്നിവ ഉപയോഗിച്ച് പഞ്ചായത്തിന്റെ സമഗ്രവികസനം സാദ്ധ്യമാകുന്ന വിധത്തിൽ പദ്ധതികൾ മാർഗ്ഗരേഖപ്രകാരം ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 121777304 | 138 | 58840767 | 47 | 9 | 71.13% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 294306 | 1371703 | 1666009 | 911875 | 754134 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 20361496 | 20361496 | 20361496 | |
| മെറ്റീരിയൽ | | 3153209 | 3153209 | 3153209 | |
| ആകെ | 294306 | 24886408 | 25180714 | 24426580 | 754134 |

## 1-7 ഗ്രാമസഭ

കോവിഡ് നിയന്ത്രണങ്ങൾ നിലനിന്ന സാഹചര്യത്തിൽ 2021ഫെബ്രുവരി മാസത്തിൽ മാത്രമാണ്

ഗ്രാമസഭകൾ നടന്നിട്ടുള്ളത്.ഈ ഗ്രാമസഭയിൽ വേണ്ടവിധത്തിലുള്ള ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3205/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.10.2021 | 01.02.2021മുതൽ 30.09.2021വരെ | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.07.2003 മുതൽ 19.07.2003 വരെ | 1997-98 മുതൽ 2002-03 വരെ | 28.09.2003 |

### 1-10 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11160 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 2867700 | 184 |
| വിധവാപെൻഷൻ | 9313700 | 638 |
| വാർദ്ധക്യകാലപെൻഷൻ | 21881700 | 1587 |
| വികലാംഗപെൻഷൻ | 3391400 | 238 |
| അവിവാഹിത - 50 വയസ്സിന് മുകളിൽ | 342700 | 25 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |

### 1-11 രസീത് പരിശോധന - അപാകതകൾ

I)2020-21 സാമ്പത്തിക വർഷത്തിലെ മാന്വൽ രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ : 61429

2)സാമ്പത്തിക വർഷാവസാനം രസീത് ബുക്കുകളിൽ ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ റദ്ദാക്കിയിട്ടില്ല.

ഉദാ : 61429/29 മുതൽ 100 വരെ

3)രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ആയത് പഞ്ചായത്തിൽ ഒടുക്കിയ രസീത് രജിസ്റ്ററിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ഉദാ:

| ക്രമ നം | തുക പിരിച്ച തീയതി | രസീത് നം | പിരിച്ചെടുത്ത തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 19.03.2021 | 61424/50 | 410 |
| | ” | 51 | 1160 |
| | ” | 52 | 37 |
| | ” | 53 | 53 |
| | ” | 54 | 53 |
| | ” | 55 | 113 |
| | ” | 56 | 458 |
| | ” | 57 | റദ്ദാക്കി |
| 2 | 26.03.2021 | 61424/58 | 410 |
| | ” | 59 | 101 |
| | ” | 60 | 109 |
| | ” | 61 | 100 |
| | ” | 62 | 451 |
| | ” | 63 | 451 |
| | ” | 64 | 373 |
| | ” | 65 | 451 |
| | ” | 66 | 278 |
| | ” | 67 | 278 |
| | ” | 68 | 246 |
| | ” | 69 | 275 |

മേൽ രസീത് മുഖേന പിരിച്ചെടുത്ത തുകകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രസ്തുത തുകകൾ പഞ്ചായത്തിൽ ഒടുക്കിയ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.അല്ലാത്തപക്ഷം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

II) ഹരിത കർമ്മ സേനയ്ക്ക് യൂസർഫീ പിരിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും നൽകിയ രസീത് ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) സ്റ്റോക്ക് രജിസ്റ്ററിൽ ആകെ 78 രസീത് ബുക്കുകളാണ് ചേർത്തിരിക്കുന്നത്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ 79 രസീത് ബുക്കുകൾ കാണപ്പെട്ടു. രസീത് ബുക്കുകൾ ലഭ്യമായത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2)സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. രസീത് ബുക്കുകൾ സ്റ്റോക്ക് ബുക്കിൽ ചേർത്ത തീയതി, ആകെ എണ്ണം, പുസ്തകം ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3)വരവ് തുകകൾ രേഖപ്പെടുത്തുന്നതിനായി കളക്ഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ പിരിച്ച തുകയുടെ വരവ്, ഒടുക്ക് എന്നിവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. രസീത് മുഖേന പിരിച്ചെടുത്ത തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ആയത് പഞ്ചായത്തിൽ ഒടുക്കിയ രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

4) പണം ഒടുക്കുന്ന ആൾക്ക് ലഭിച്ച തുകയ്ക്കുള്ള ഡ്യൂപ്ലിക്കേറ്റ് രസീത് നൽകുന്നതിനു പകരം ഒറിജിനൽ രസീത് നൽകിയിരിക്കുന്നു.

5) രസീത് ബുക്കുകളിൽ ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

6)രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) ഓരോ രസീത് ബുക്കിലേയും രസീതുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട്

രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി വിതരണം ചെയ്യേണ്ടതാണ്.

2)പണം സ്വീകരിക്കുന്നതിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ ലഭിച്ച തുക രസീതുകളിൽ രേഖപ്പെടുത്തേണ്ടതും പണം ഒടുക്കുന്ന ആൾക്ക് ലഭിച്ച തുകയ്ക്കുള്ള ഡ്യൂപ്ലിക്കേറ്റ് രസീത് നൽകേണ്ടതാണ്.

3)സാമ്പത്തിക വർഷാവസാനം രസീത് ബുക്കിൽ അവശേഷിച്ച രസീതുകൾ റദ്ദാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4)രസീത് പ്രകാരം പിരിച്ച തുകകൾ രേഖപ്പെടുത്തുന്നതിനായി നിശ്ചിത മാതൃകയിൽ കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

5)സ്റ്റോക്ക് രജിസ്റ്ററിൽ ലഭ്യമായതും വിതരണം ചെയ്തതുമായ പുസ്തകങ്ങളുടെ എണ്ണം,പുസ്തകം ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

5)പഞ്ചായത്തിൽ ILGMS നിലവിൽ വന്നതിനാൽ അവശേഷിച്ച സാംഖ്യ, സൂചിക രസീതുകൾ റദ്ദാക്കി സൂക്ഷിക്കേണ്ടതാണ്.

6)രസീതുകളുടെ ഉപയോഗത്തിൽ ഉത്തരവാദപ്പെട്ടവർ കൃത്യമായ നിർദ്ദേശം നൽകുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.

## 1-12 സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിക്കുന്നതിനായി നൽകിയ അപേക്ഷയിലെ ജീവനക്കാരുടെ എണ്ണത്തിനനുശ്രുതമായി പ്രസ്തുത സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയ ജീവനക്കാരുടെ എണ്ണം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സത്യം പ്ലൈവുഡ് | 9 | 17 |
| 2 | കുറ്റിച്ചിറ പ്ലൈ & ബോർഡ്സ് | 10 | 19 |
| 3 | യു സ്റ്റാർ പ്ലൈവുഡ് | 10 | 19 (26.10.2019 -ലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ് ലൈസൻസ് പ്രകാരം, പെർമിറ്റ് നം : E/36/2015) |
| 4 | ബോംബേ പ്ലൈവുഡ് ഇൻഡസ്ട്രീസ് | 10 | 18 |
| 5 | വീനസ് പ്ലൈവുഡ് | 20 | 35 |
| 6 | പുത്തൻപുരയിൽ പ്ലൈവുഡ് | 10 | 17 |
| 7 | യസീൻ പ്ലൈവുഡ് പാനിപ്ര | 5 | 8 |
| 8 | ടി കെ പ്ലൈ & ബോർഡ്സ്, പാനിപ്ര | 15 | 43 (12.02.2020 -ലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ലൈസൻസ് പ്രകാരം, പെർമിറ്റ് നം : 155/2010) |

## 1-13 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ

പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം.11/28.06.2022) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | കുന്നത്തുകുടി സിമന്റ് പ്രൊഡക്ട്സ് | ബിബിൻ കെ രാമകൃഷ്ണൻ | 8 | 34/2020-21 |
| 2 | ദി വില്ലേജ് ഇൻ കോട്ടപ്പടി | കെ.എസ് പ്രിൻസ് | 7 | 32/2020-21 |
| 3 | താസ പ്ലൈ വുഡ് | ടി എം അബ്ദുൾ റഹ്മാൻ | 24 | 110/2020-21 |
| 4 | അലെക്സ സേഫ് ഷോപ്പർ, കോട്ടപ്പടി | ജിനാ ദാസ് | 7 | 174/2020-21 |
| 5 | സോപ്പ് സൊലൂഷൻസ് | ടി.എൻ ശംഭുനമ്പൂതിരി | 13 | 116/2020-21 |
| 6 | കൊറ്റാലിൽ ബോഡി ബിൽഡേഴ്സ് | ജോൺസൻ മാത്യു | 5 | 106/2020-21 |

മേൽ പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | വീനസ് പ്ലൈ ബോർഡ്സ്, പാനിപ്ര | II |
| 2 | ബോംബെ പ്ലൈവുഡ് | II |
| 3 | സത്യം പ്ലൈവുഡ് | II |
| 4 | ക്ഷീര സഹകരണ സംഘം (APCOS), കോട്ടപ്പടി | I & II |
| 5 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, മുട്ടത്തുപാറ | II |
| 6 | പ്ലാമുടി ക്ഷീര സഹകരണ സംഘം | I & II |
| 7 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, തോളേലി | I & II |
| 8 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, നാഗഞ്ചേരി | I & II |
| 9 | വടാശ്ശേരി ക്ഷീര സഹകരണ സംഘം | I & II |
| 10 | അക്കൌണ്ട്സ് ഓഫീസർ(പി & എ) പ്രൻസിപ്പൽ ജനറൽ മാനേജറുടെ കാര്യാലയം, ബി എസ് എൻ എൽ ,കളത്തിപ്പറമ്പിൽ റോഡ് | I & II |

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീര സഹകരണ സംഘം(APCOS), കോട്ടപ്പടി | I &II |
| 2 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, മുട്ടത്തുപാറ | I &II |
| 3 | പ്ലാമുടി ക്ഷീര സഹകരണ സംഘം | I &II |
| 4 | സെന്റ് പാട്രിക്സ് അക്കാദമി | I &II |
| 5 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, തോളേലി | I &II |
| 6 | ക്ഷീര സഹകരണ സംഘം പി ഡി ഡി പി, നാഗഞ്ചേരി | I &II |
| 7 | വടാശ്ശേരി ക്ഷീര സഹകരണ സംഘം | I &II |
| 8 | ഫെഡറൽ ബാങ്ക്, കോട്ടപ്പടി | I |
| 9 | കേരള ബാങ്ക്, കോട്ടപ്പടി | I |
| 10 | സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് കോട്ടപ്പടി | I |
| 11 | മാനേജർ റിലയന്റ് ക്രെഡിറ്റ് ഇന്ത്യ ലി. | I |
| 12 | സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, ഉപ്പുകണ്ടം | I &II |

## 1-16 FTEAOS ലൈസൻസസ്- കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ള 1301 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | | കെട്ടിടത്തിന്റെ ഉപയോഗക്രമം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം 100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 746 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 147 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 1 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 27 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 4 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് | 41 |

| | | | |
|---|---|---|---|
| | | കെട്ടിടം ഉൾപ്പെടെ) | |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | 57 |
| IV | 1 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 216 |
| | 2 | ഇതര വ്യവസായം | 44 |
| | 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 18 |

ഓഡിറ്റിന് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 564 വാണിജ്യ/വ്യവസായ സ്ഥാപനങ്ങളാണ് ഉൾപ്പെട്ടുള്ളത്. എന്നാൽ 2020-21 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ 188 എണ്ണം (239 കെട്ടിടങ്ങളിലായി) മാത്രമാണ്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ പോലും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(9/27/06.2022) 2020-21 സാമ്പത്തിക വർഷം കോവിഡ് -19 വ്യാപനത്തെത്തുടർന്ന് ബഹുഭൂരിപക്ഷം വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിച്ചിട്ടില്ലാത്തതും നിലവിൽ വ്യാപാര/വാണിജ്യ സ്ഥാപനങ്ങൾ എന്ന രീതിയിൽ നമ്പർ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ 50% ത്തിലേറെ കെട്ടിടങ്ങളും വ്യാപാരങ്ങൾ ഒന്നും ചെയ്യാതെ അടച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-17 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതു പ്രകാരം ഡി&ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്ററുകൾ കാലികമാക്കി പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സാംഖ്യ & ILGMS എന്നിവ പ്രകാരം ഡി&ഒ ലൈസൻസ് ഫീ അടച്ച സ്ഥാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന രജിസ്റ്ററാണ് നിലവിലുള്ളത്. ഇക്കാരണത്താൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനോ, തുടർ നടപടികൾ സ്വീകരിക്കുന്നതിനോ പഞ്ചായത്തിന് സാധിക്കുന്നില്ല. ഇത്തരത്തിൽ സ്ഥാപനങ്ങൾ പ്രർത്തിക്കുന്നത് പഞ്ചായത്തിന് വരുമാനനഷ്ടത്തിന് ഇടയാക്കുന്നു. സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ച ട്രേഡേർസ് ലിസ്റ്റും സ്ഥാപന ലിസ്റ്റും തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം തന്നെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഭരണസമിതിയും അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-18 ഓണം അഡ്വാൻസ് തിരികെ ഈടാക്കിയില്ല

വൗച്ചർ നമ്പർ 22000317 തീയതി 25.08.2020 പ്രകാരം ജീവനക്കാരുടെ ഓണം അഡ്വാൻസ് ഇനത്തിൽ ആകെ 110000/- രൂപ നൽകിയിരുന്നു. എന്നാൽ ശ്രീ. ജയനാഥൻ കെ എൻ, ക്ലർക്കിന് നൽകിയ 15000/- രൂപ തിരികെ ഈടാക്കിയില്ല. കൂടാതെ 2016-17 ൽ ശ്രീ. കെ കെ പ്രകാശ് എന്ന ജീവനക്കാരന് 07.09.2016 ൽ നൽകിയ 6000/- രൂപ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കി ക്രമീകരിക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് ക്രമീകരിച്ചിട്ടില്ല. ഓണം അഡ്വാൻസ് തുക 21000/- രൂപ തിരികെ ഈടാക്കാനുള്ളത് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 27.06.2022 ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ശ്രീ.ജയനാഥൻ കെ എൻ, ക്ലർക്ക് നിലവിൽ ജോലി ചെയ്യുന്ന പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ടിയാളുടെ ശമ്പളത്തിൽ നിന്ന് മുൻകൂർ തുക തിരികെ

ഈടാക്കിയിട്ടുണ്ടെന്നും ഈ തുക പഞ്ചായത്തിലേക്ക് ഉടൻ ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓണം അഡ്വാൻസ് തുക ഇനത്തിൽ ക്രമീകരിക്കാനുള്ള 21000/- രൂപ ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-19 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ -സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും നല്കി

പഞ്ചായത്തിലെ 3ാം വാർഡിൽ അങ്കണവാടിക്ക് സ്ഥലം വാങ്ങിയതിന്റെ എഴുത്ത് കൂലിയിനത്തിൽ ആകെ 18570/- രൂപ വൗച്ചർ നമ്പർ 22000385 തീയതി 17.09.2020 പ്രകാരം തനതുഫണ്ടിൽ നിന്നും ശ്രീമതി ഉഷ ശിവൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഇതിൽ രജിസ്ട്രേഷൻ ഫീസിനത്തിലും സ്റ്റാംപ് ഡ്യൂട്ടിയിനത്തിലുമായി യഥാക്രമം 12000 /-രൂപ, 3070/- രൂപ എന്നിങ്ങനെ ആകെ 15070/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ജി ഒ (പി) നം.10/2020/ ടിഡി 30.01.2020 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഭൂമി വാങ്ങുമ്പോൾ രജിസ്ട്രേഷൻ ഫീസ് , സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കിയിട്ടുണ്ട്. ഇളവുകളുണ്ടായിട്ടും ഈയിനത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 28.06.2022 ൽ നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇളവ് സംബന്ധിച്ച ഉത്തരവ് പിന്നീടാണ് ശ്രദ്ധയിൽപ്പെട്ടതെന്നും നിലവിൽ ഭൂമിവാങ്ങൽ നടത്തുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീ എന്നിവ നൽകുന്നില്ലെന്നും വിശദീകരിച്ചിട്ടുണ്ട്. ഇത്തരം ശ്രദ്ധക്കുറവ് തനതുഫണ്ടിൽ നിന്നുള്ള പാഴ്ച്ചെലവിന് കാരണമാകുന്നുവെന്നതിനാൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 എ.ബി.സി പ്രോഗ്രാം - വ്യവസ്ഥകൾ പൂർണമായും പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0031/21 |
| പ്രോജക്ടിന്റെ പേര് | തെരുവ് നായ നിയന്ത്രണം |
| അടങ്കൽ | 30000/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 29400/- |
| ബിൽ നമ്പർ | P4/20-21 തീയതി :11.11.2020 |
| നിർവ്വഹണം | വെറ്റിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന 14 തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതിലേക്കായി നായ ഒന്നിന് 2100 രൂപ വകയിരുത്തി തുക മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് (അക്കൌണ്ട് നം : 385402010061958) 29400/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.6/23.06.2022)

1)എ.ബി.സി പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ കമ്മിറ്റിയുടെ മീറ്റിംഗ് മിനിറ്റ്സ് ഹാജരാക്കേണ്ടതാണ്.
2)എ.ബി.സി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി തെരുവ് നായ്ക്കളുടെ കൃത്യമായ വിവരം കുടുംബശ്രീ ജില്ലാ മിഷന് ഗ്രാമപഞ്ചായത്ത് കൈമാറിയതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.
3)കുടുംബശ്രീ ജില്ല മിഷൻ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിലെ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തുന്നതിന് രേഖകൾ ലഭ്യമാണെങ്കിൽ ഹാജരാക്കേണ്ടതാണ്.

27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും എപ്രകാരം വിനിയോഗിച്ചു എന്നോ പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളോ രേഖകൾ ഫയലിൽ ലഭ്യമല്ല. പദ്ധതി ഫലപ്രദമായിരുന്നത് സംബന്ധിച്ച് മൃഗസംരക്ഷണവും ക്ഷീരവികസനവും, വർക്കിങ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടില്ല. മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന് വരും വർഷങ്ങളിൽ ഉറപ്പ് വരുത്തേണ്ടതും ഓഡിറ്റ് അന്വേഷണ പ്രകാരം ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-21 അങ്കണവാടിക്ക് വാങ്ങിയ സ്ഥലം പോക്കുവരവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ |
| പ്രോജക്ട് നം | 111/21 |
| അടങ്കൽ | 150000/-( വികസന ഫണ്ട്-സാധാരണ വിഹിതം,) |
| ചെലവ് | 150000/- |
| ബിൽ നമ്പർ / തീയതി | 19/20-21 തീയതി 16.09.20 |

സെക്രട്ടറി നടപ്പാക്കിയ ഈ പദ്ധതിയിൽ പഞ്ചായത്തിലെ 3ാം വാർഡിൽ അങ്കണവാടി നിർമ്മിക്കുന്നതിന് കൊറ്റാലിൽ വീട്ടിൽ കുര്യാക്കോസ് മകൻ ചെറിയാൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കോട്ടപ്പടി വില്ലേജിലെ സർവ്വേ നമ്പർ 382/2-3 ബി-യിൽ ഉൾപ്പെട്ട 3 സെന്റ് സ്ഥലം വാങ്ങിയിരുന്നു. വാങ്ങിയ സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്ത് കരം അടവാക്കിയിട്ടില്ല. സ്ഥലം പോക്കുവരവ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 27.06.2022 ലെ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സ്ഥലം പോക്കുവരവ് ചെയ്യുന്നതിന് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആധാരം ചെയ്ത് 16.09.2020 ൽ വാങ്ങിയ സ്ഥലത്തിന്റെ വില നൽകിയെങ്കിലും നാളിതുവരെ പോക്കുവരവ് ചെയ്ത് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 പെൻഷണറുടെ മരണശേഷവും അക്കൌണ്ടിൽ ക്രെഡിറ്റായ തുക തിരികെ ഈടാക്കേണ്ടതാണ്

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ സ.ഉ. (എം.എസ്) നം. 278/2018 ധന. തീയതി 03.08.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി കാണുന്നു. പരിശോധനയിൽ കണ്ടെത്തിയ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം/നിലവിലെ അവസ്ഥ | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | മാധവൻ അയ്യപ്പൻ | വാർദ്ധക്യ കാല പെൻഷൻ, സസ്പെന്റഡ് | 106840200091 | 15.03.2020 | 04/2020 മുതൽ 02/2022 വരെ | 35600/- |
| 2 | എബ്രഹാം പിഐ | വാർദ്ധക്യ കാല പെൻഷൻ, സസ്പെന്റഡ് | 106840200147 | 04.12.2020 | 01/2021 മുതൽ 02/2022 വരെ | 22100/- |
| 3 | മൈതീൻ ബാവപിള്ള | വാർദ്ധക്യ കാല പെൻഷൻ, സസ്പെന്റഡ് | 106840200797 | 02.04.2020 | 05/2020 മുതൽ 02/2022 വരെ | 30500/- |
| 4 | കുഞ്ഞുപെണ്ണ് അയ്യപ്പൻ | ദേശീയ വിധവ പെൻഷൻ , സസ്പെന്റഡ് | 106840600336 | 13.07.2020 | 08/2020 മുതൽ 02/2022 വരെ | 29000/- |
| ആകെ | | | | | | 1,17,200/- |

ഗ്രാമപഞ്ചായത്ത് ഇക്കാര്യം സംബന്ധിച്ച് പരിശോധിക്കുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ, തുക ഗവൺമെന്റിലേക്ക് അടവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖകൾ സഹിതം

ലഭ്യമാക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.15/28.06.2022) മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിച്ച് അവരെ സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.05.2022 -ലെ നിർദ്ദേശാനുസരണം നടപടികൾ സ്വീകരിച്ച് വരുന്നതായും മേൽ പട്ടിക പ്രകാരം പെൻഷണറുടെ മരണശേഷം അക്കൗണ്ടിൽ ക്രെഡിറ്റായ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കി. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ 02.08.2021 ലെ സർക്കുലർ നം. 63/2021/ധന പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 അങ്കണവാടി അനുപൂരക പോഷകാഹാരം-ഗുണനിലവാര പരിശോധനയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട്നം, പേര് | 8/21<br>അങ്കണവാടി അനുപൂരക പോഷകാഹാരം |
| അടങ്കൽ | 2300000/-(1200000- വികസനഫണ്ട്,<br>800000/--കേന്ദ്രവിഹിതം,<br>100000/- തനത് ഫണ്ട്,<br>200000- ബ്ലോക്ക് പഞ്ചായത്ത്) |
| ചെലവ് | 1763625/-<br>(1200000-വികസനഫണ്ട്,<br>563625- കേന്ദ്രവിഹിതം) |

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ സി ഡി എസ് ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ന്യൂട്രിമിക്സ് സാമ്പിൾ ലാബിൽ പരിശോധിച്ചതിന്റെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-14, 28.06.2022) മറുപടി ലഭിച്ചിട്ടില്ല. വിതരണം ചെയ്യുന്നതിന് മുൻപ് തന്നെ പരിശോധനാഫലം ലഭ്യമാക്കാനും, ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 സുഭിക്ഷകേരളം- തരിശ് ഭൂമി പച്ചക്കറി കൃഷി വ്യാപനം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S201/21 |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷകേരളം-<br>തരിശ് ഭൂമി പച്ചക്കറി കൃഷി വ്യാപനം |
| അടങ്കൽ | 100000/-<br>(വികസന ഫണ്ട്-ജനറൽ-50000/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം50000/-) |
| ചെലവ് | 8000/-(വികസന ഫണ്ട്-ജനറൽ) |
| നിർവ്വഹണം | കൃഷി ഓഫീസർ |

സുഭിക്ഷകേരളം- തരിശ് ഭൂമി പച്ചക്കറി കൃഷി വ്യാപനം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 31 പേരാണുള്ളത്. എന്നാൽ പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുള്ളത് ഒരു ഗുണഭോക്താവിനാണ്. ആനുകൂല്യം ലഭിച്ച താഴെപ്പറയുന്ന വ്യക്തിയുടെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളതായി കാണുന്നില്ല.

സ.ഉ (സാധാ)1009/2020 തീയതി 29.05.2020 ഖണ്ഡിക നമ്പർ 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടി ഭൂമി തരിശ് ഭൂമിയാണെന്നും പച്ചക്കറി കൃഷിക്ക് അനുയോജ്യമാണെന്നും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | തുക, | ബിൽ നം, തീയതി |
|---|---|---|
| എൽദോ കെ എം,<br>കീച്ചേരി | 8000/- | 9/20-21,20.03.2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-12, 27.06.2022) മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-25 വൈദ്യുതി ചാർജ്- തെറ്റായ നിരക്ക് ക്രമീകരിച്ചിട്ടില്ല

പഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി ചാർജിന്റെ താരിഫ് നിർണ്ണയത്തിലെ അപാകത മൂലം അധിക ചാർജ് അടവാക്കി വരുന്നതായി 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 1007/F&T/KSERC/2016 Dated 17.04.2017, 560/DD(T)/2018/KSERC ORDER Dated 29.03.2019 എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ളത് LT 6B താരിഫ് ആണ്. എന്നാൽ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ വൈദ്യുതി ചാർജ് കണക്കാക്കിയിട്ടുള്ളത് ഇൻകംടാക്സ്, സെൻട്രൽ എക്സൈസ് ഓഫീസുകൾ, ബാങ്കുകൾ, എ ടി എം എന്നിവയ്ക്ക് ബാധകമായിട്ടുള്ള LT 6C താരിഫ് നിരക്കിലാണ്. LT 6C താരിഫ് പ്രകാരം വൈദ്യുതി ചാർജ് നിർണ്ണയിക്കുന്നതിനാൽ അധികം തുക അടവാക്കേണ്ടി വരുന്നു. മുൻ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 28.01.2022 ൽ എസ് സി 2-26/2022 നമ്പറായി കെ എസ് ഇ ബി-ക്ക് പഞ്ചായത്ത് കത്ത് നൽകിയെങ്കിലും വൈദ്യുതി നിരക്ക് ക്രമീകരിച്ച് നൽകിയിട്ടില്ല. 2020-21 വർഷത്തെ വൈദ്യുതി ബില്ലുകൾ പരിശോധിച്ചപ്പോഴും LT 6C താരിഫിൽ തന്നെയാണ് ചാർജ് നിർണ്ണയിച്ച് വന്നിട്ടുള്ളതെന്ന് കാണുന്നു. ഈ അപാകത പരിഹരിച്ച് വൈദ്യുതി ചാർജ് പഞ്ചായത്ത് ഓഫീസിന് ബാധകമായിട്ടുള്ള LT 6B താരിഫിലേക്ക് മാറ്റി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 പ്രത്യേക കന്നുകുട്ടി പരിപാലനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| പ്രോജക്ട് നം | S26/21 |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 1025000/-(512500/-വികസന ഫണ്ട്-ജനറൽ 512500/- ഗുണഭോക്തൃവിഹിതം) |
| ചെലവ് | 512500/-(വികസന ഫണ്ട്-ജനറൽ) (P11/2020-21 Dated 23.03.2021) |

1) ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷ്വറൻസ് എന്നിവ ലഭ്യമാക്കുന്നതിനായുള്ള മേൽ പദ്ധതിയിൽ 41 കന്നുകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനവിഹിതം ലഭ്യമല്ലാത്തതിനാൽ കന്നുകുട്ടി ഒന്നിന് സബ്സിഡി തുകയായ 12500/- രൂപയാണ് പഞ്ചായത്ത് വകയിരുത്തി പ്രോജക്ട് ഓഫീസർ, ആലുവ-യ്ക്ക് കൈമാറിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവ് പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര്, വീട്ടുപേര് | പദ്ധതിയിൽ നിന്ന് ഒഴിവായ മാസം | ചെലവായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| ഷീല ബിജു | 04/2021 | 397 | 12103 |

മേൽ പട്ടിക പ്രകാരം അവശേഷിച്ച 12103/- രൂപയും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയതും പഞ്ചായത്തിലേയ്ക്ക് തിരികെ ഈടാക്കുകയോ തുടർ പദ്ധതികളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.
2) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട കരാറിലെ 3-ാം നമ്പർ വ്യവസ്ഥ പ്രകാരം പദ്ധതി ആനുകൂല്യം ക്ഷീര സഹകരണ സംഘത്തിൽക്കൂടി മാത്രമേ നടപ്പാക്കൂ എന്നുള്ളതു കൊണ്ട് ഗുണഭോക്താക്കൾ ആ സംഘത്തിൽ അംഗങ്ങളായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഗുണഭോക്താക്കൾ നൽകിയ അപേക്ഷയിൽ താഴെ പറയുന്നവർ അംഗങ്ങളല്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ആനിക്കുഞ്ഞ് , ഇടപ്പുളവൻ, കോട്ടപ്പടി |
| 2 | മോഹനൻ എം.കെ, മൂത്തേടത്ത്, പാനിപ്ര |
| 3 | സൌദ കബീർ, അപ്പാടത്ത്, പാനിപ്ര |
| 4 | ഷമീർ എം എം, മാറാടി, പാനിപ്ര |
| 5 | മേരി പൌലോസ്, പുള്ളോർക്കുടി, പ്ലാമുടി, കല്ലുമാല |
| 6 | ബീന സാജു, കോമയിൽ, അയരൂർപ്പാടം, ആയപ്പാറ |
| 7 | പ്രിയകുമാരി എൻ, താഴശ്ശേരിപുത്തൻകോട്ട, പാനിപ്ര |
| 8 | സത്യഭാമ ശിവൻ, ഇളയിടത്തുപറമ്പിൽ, അയരൂർപ്പാടം |

| | |
|---|---|
| 9 | ചിന്നമ്മ പൌലോസ്, അർക്കടയിൽ, അയത്രർപ്പാടം |
| 10 | കെ.എം കുര്യാക്കോസ്, കൊറ്റിക്കൽ, കോട്ടപ്പടി |

ക്ഷീര സഹകരണ സംഘത്തിൽ അംഗങ്ങളല്ലാത്ത ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ വിശദീകരണം നൽകുന്നതിലേയ്ക്കായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതും പദ്ധതി നിർവഹണം പദ്ധതി നിർദ്ദേശപ്രകാരം നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

3) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ മാസങ്ങളിലായി നാളിതുവരെ കേരള ഫീഡ്സിൽ നിന്നും വിതരണത്തിനായി കൊണ്ടുവന്ന കാലിത്തീറ്റയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. ആയത് സാധൂകരിക്കുന്ന ടാക്സ് ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | കാലിത്തീറ്റയുടെ അളവ്(കി.ഗ്രാം) | ബാഗിന്റെ എണ്ണം | തുക |
|---|---|---|---|
| 1 | 2500 | 50 | 24536 |
| 2 | 2250 | 45 | 25980 |
| 3 | 2400 | 48 | 23904 |
| 4 | 2250 | 45 | 25308 |
| 5 | 2300 | 46 | 25288 |
| 6 | 2300 | 46 | 24616 |
| 7 | 2300 | 46 | രേഖപ്പെടുത്തിയിട്ടില്ല |
| 8 | 2200 | 44 | രേഖപ്പെടുത്തിയിട്ടില്ല |
| 9 | 2400 | 48 | രേഖപ്പെടുത്തിയിട്ടില്ല |

1-27 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷത്തെത്തുടർന്ന് കുറവ് വന്ന റഗുലറൈസേഷൻ ഫീസ് ഈടാക്കി

ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകിയ കെട്ടിട നിർമ്മാണ വിസ്തൃതിയിൽ നിന്നും വ്യതിചലിച്ച് അധികമായി നിർമ്മാണം നടത്തിയ കെട്ടിട ഭാഗത്തിന് ഈടാക്കിയ രാജിയാക്കൽ ഫീസിൽ കുറവ് വന്ന 164/-രൂപ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന്(18/29.06.2022) 1220100788/G071104/29.06.2022 -ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കി.

| ഫയൽ നമ്പർ/ തീയതി | പേര് | പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണം | Completion Plan പ്രകാരമുള്ള വിസ്തീർണ്ണം | അധികമായി നിർമ്മിച്ച വിസ്തീർണ്ണം | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീസ് | ഈടാക്കിയ റഗുലറൈസേഷൻ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| BPMC03/ 2020/834 /A5/C3 21.12.2020 | ജോഷി ജോർജ് & ഷൈബി | 738.64m$^2$ (വാണിജ്യാ വശ്യം) | 757.60 M$^2$ | 18.96 | 18.96*10*2= 379.2/-(380) | 216/- (രസീത് നം രേഖപ്പെടുത്തിയിട്ടില്ല | 164/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2017-18 | 183950 | 194/21 – ലൈഫ് മിഷൻ (എസ് സി) | 183950 | 0 |
| 2 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 50000 | 7/21 – പാലിന് സബ്സിഡി | 50000 | 0 |
| 3 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 64925 | 13/21 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 64925 | 0 |
| 4 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 800000 | 175/21-ലൈഫ്- ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി വാങ്ങൽ(ജനറൽ) | 800000 | 0 |
| 5 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 224000 | 197/21 – ലൈഫ്- ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി വാങ്ങൽ(എസ് ടി) | 224000 | 0 |
| 6 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 233750 | 199/21 – സുഭിക്ഷ കേരളം നെൽകൃഷി വികസനം | 233750 | 0 |
| | | | 1556625 | | 1556625 | |
| 7 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2018-19 | 160792 | 157/21- സാംസ്കാരിക നിലയത്തിന് വാങ്ങിയ സ്ഥലത്തിന് ചുറ്റമതിൽ നിർമ്മാണം | 160792 | |
| 8 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2017-18 | 105596 | 149/18 അങ്കണവാടി നിർമ്മാണം – വാർഡ് 10 | 0 | 105596 |
| 9 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2019-20 | 500000 | 147/21 – അങ്കണവാടി നിർമ്മാണം – വാർഡ് 10 | 500000 | |
| 10 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2020-21 | 200000 | 7/21 – പാലിന് സബ്സിഡി | 200000 | 0 |
| 11 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2020-21 | 229225 | 13/21 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 229225 | 0 |
| 12 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2020-21 | 520000 | 99/21 – ലൈഫ് ഭവന പദ്ധതി(ജനറൽ) | 520000 | 0 |
| 13 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2020-21 | 480000 | 176/21 – ലൈഫ് മിഷൻ(എസ് സി) | 480000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 14 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം ബ്ലോക്ക്) | 2020-21 | 550000 | 121/21 മഹിളാ സാംസ്കാരിക നിലയം വാർഡ് 11 | 0 | 550000 |
| | ആകെ | | 2745613 | | 2090017 | 655596 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | 110/21 പൊതു ടാപ്പുകൾ റദ്ദാക്കൽ | 14/ 06.08.2020 (വികസന ഫണ്ട് -സാധാരണ വിഹിതം) | 50000/- | 49925/- | 75/- |

കേരള വാട്ടർ അതോറിറ്റിയിൽ 1223739/- രൂപയും കെ.എസ്.ഇ.ബിയിൽ 27,683/- രൂപയും മുൻവർഷങ്ങളിൽ മുൻകൂർ നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുവാനുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 8580000/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം ലഭ്യമായ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (ഹഡ്കോ) | ജി ഒ (എം എസ്) 100/2018/ തസ്വഭവ തീയതി 30.07.2018 | 8580000 | 3250265 | 966432 | 0 | 10863833 |
| ഷോപ്പിംഗ് കോംപ്ലക്സ് (കെ.യു.ആർ. ഡി.എഫ്.സി.) | KURDFC/ ഉത്തരവ് നം /300/2015 തീയതി 23-05-2015 | - | 4986290 | 1385249 | 0 | 3601041 |

കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ തിരിച്ചടച്ച മുഴുവൻ തുകയും മുതലിൽ ഉൾപ്പെടുത്തിയാണ് പത്രികയിൽ ചേർത്തിട്ടുള്ളത്. തിരിച്ചടവിൽ 128548/-രൂപ പലിശയിനത്തിലാണ് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്. ടി തുക പലിശയിനത്തിലെ തിരിച്ചടവാണോയെന്ന് ഉറപ്പ് വരുത്തി തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |
| 2014-15 | 2.1(B) | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77069518 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70349808 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

(ഇല്ല)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക .

(ഇല്ല)

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഇല്ല)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

(ഇല്ല)

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| വർഷം | | |
|---|---|---|
| 2001-02 | എൽ.എഫ്.ഇ(പി 1)1150/05/28.10.2006 | |
| 2002-03 | എൽ.എഫ്.ഇ(പി 7)2084/06/7.11.2006 | |
| 2003-04 | എൽ.എഫ്.ഇ(പി 7)734/10/29.9.2011 | |
| 2004-05 | എൽ.എഫ്.ഇ(പി 7)735/10/29.9.2011 | |
| 2005-06 | എൽ.എഫ്.ഇ(പി 7)736/10/29.9.2011 | |
| 2006-07 | എൽ.എഫ്.ഇ(പി 7)787/12/13.7.2012 | |
| 2007-08 | എൽ.എഫ്.ഇ(പി 7)788/12/13.7.2012 | |
| 2008-09 | എൽ.എഫ്.ഇ(പി 7)789/12/13.7.2012 | |
| 2009-10 | എൽ.എഫ്.ഇ(പി 7)790/12/13.7.2012 | |
| 2010-11, 2011-12 | എൽ.എഫ്.ഇ(പി7)854/13/4.6.13 | |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി7)1901/14/16.1.15 | |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം (പി7)1255/2016 തീയതി 25.07.2016 | |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി7)2244/2016 തീയതി 04.03.2017 | |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി7)1881/2017 തീയതി 25.11.2017 | |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി7)2356/2018 തീയതി 14.02.19/08.03.19 | |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(പി7)1177/2019 തീയതി 03.09.19 | |
| 2019-20 | കെ.എസ്.എ-ഇ.കെ.എം.(പി7)182/2022 തീയതി 12.04.2022 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്